**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3532** **14-07-2022 - ൽ മറുപടിയ്ക്ക്**

**അങ്കണവാടികളെ ശിശുസൗഹൃദമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അങ്കണവാടികളിൽ ബാലനീതിനിയമം അനുശാസിക്കും പ്രകാരമുള്ള ഭൗതികസാഹചര്യങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ കുട്ടികൾക്ക് കളിക്കാനും പ്രകൃതിയെ നിരീക്ഷിക്കുന്നതിനും കഴിയുന്ന തരത്തിൽ ഇവയെ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | (എ) ബാലനീതി നിയമ പ്രകാരം അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച പരാമർശം ഉള്ളതായി കാണുന്നില്ല. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡ പ്രകാരമുള്ള സംയോജിത ശിശു വികസന സേവന പദ്ധതി അങ്കണവാടിസേവനങ്ങൾ വഴി അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി, പ്രീസ്കൂൾ വിദ്യാഭ്യാസം, ന്യൂട്രീഷ്യൻ ആന്റ് ഹെൽത്ത് എഡ്യൂക്കേഷൻ, രോഗപ്രതിരോധ കുത്തിവെയ്പുകൾ, ആരോഗ്യ പരിശോധന, റഫറൽ എന്നീ സേവനങ്ങളാണ് നൽകി വരുന്നത്. 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി അങ്കണവാടികളിൽ വിവിധ ശേഷികളുടെ വികാസത്തിന് ഉതകുന്ന കളികൾ കളിക്കുന്നതിനും പ്രകൃതിയെ നിരീക്ഷിക്കുന്നതിനും ഉൾപ്പെടെയുള്ള സൗകര്യങ്ങളും, സ്ഥല ലഭ്യത അനുസരിച്ച് ഇൻഡോർ, ഔട്ട്ഡോർ കളിസ്ഥലങ്ങൾ, കളിക്കോപ്പുകൾ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവയും വകുപ്പുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളെയും ശിശുസൗഹൃദ അങ്കണവാടികളാക്കി മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | (ബി) വനിത ശിശു വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്താകെ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഈ അങ്കണവാടികളിലെ കുട്ടികളുടെ വികസനം മുൻനിർത്തി അങ്കണവാടികളെ ശിശുസൗഹൃദ ശിശുപരിപോഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി അങ്കണവാടികളുടെ നവീകരണം നടത്തി ഇവ ഉറപ്പുവരുത്തുന്നതിന് വകുപ്പ് മുഖേനയും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും എല്ലാ വർഷവും തുക അനുവദിച്ച് വരുന്നു. (അങ്കണവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളാണ്.) |

| | | | |
|---|---|---|---|
| | | | ആയതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ഒരു ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടികൾ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെ വിനിയോഗിച്ച് ശോച്യാവസ്ഥയിലുള്ള 25 അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. സ്ഥലത്തിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് സംസ്ഥാനത്തെ അങ്കണവാടികൾ ശിശു സൗഹൃദമാക്കുന്നതിന് ഭൗതിക സാഹചര്യങ്ങൾ പരിഷ്കരിച്ച് കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിവികാസവും ലക്ഷ്യമിട്ട് സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ളതുമായ അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പ് വിഹിതത്തിന് പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടി വകയിരുത്തി ഭരണസമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ അനുമതിക്ക് വിധേയമായി ഘട്ടംഘട്ടമായി കെട്ടിടനിർമ്മാണാനുമതി നൽകുന്നതാണ്. നിലവിൽ 204 അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ